മിഷൻ 676 പദ്ധതിയുടെ ഭാഗമായ അഞ്ചിന പദ്ധതി

86 (1522) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 പദ്ധതിയുടെ ഭാഗമായി സർക്കാർ സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ ജനങ്ങളിലെത്തിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അഞ്ചിന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ പ്രവർത്തനരീതിയും ഘടനയും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) നാളിതുവരെ പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ ;

(ഡി) അനുബന്ധ പ്രവർത്തനങ്ങൾക്കായി എന്ത് തുക നാളിതുവരെ ചെലവിട്ടിട്ടുണ്ടെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

മിഷൻ 676 നടപ്പാക്കുന്നതിനുള്ള പദ്ധതികൾ

87 (1523) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 പദ്ധതികളുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സംരംഭം മുഖേന എന്തെല്ലാം ലക്ഷ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം വകുപ്പുകളുടെ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) മിഷൻ 676-ൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്. പദ്ധതി പ്രഖ്യാപിച്ചപ്പോൾ ഈ സർക്കാരിന്റെ കാലാവധി അവസാനിക്കാൻ 676 ദിവസങ്ങളാണുണ്ടായിരുന്നത്. ഈ കാലയളവിനുള്ളിൽ പൂർണ്ണമായും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളാണ് മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നടപ്പിലാക്കാൻ കഴിയുന്നതും ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരവുമായ പദ്ധതികൾക്ക് മുൻഗണന നൽകി നിശ്ചിത കാലയളവിനുള്ളിൽ നടപ്പിലാക്കുകയെന്നതാണ് ഇതിന്റെ മുഖ്യ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) മിഷൻ 676-ൽ ഉൾപ്പെട്ട പദ്ധതികളുടെ വിവരം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മിഷൻ 676-കോഴിക്കോട് ജില്ലയിൽനിന്നും ഉൾപ്പെടുത്തിയ പദ്ധതികൾ

88 (1524) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മിഷൻ 676 പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽനിന്നും ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിൽനിന്നും ഉൾപ്പെടുത്തിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

മിഷൻ 676-വൈപ്പിൻ മണ്ഡലത്തിലെ പദ്ധതികൾ

89 (1525) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മിഷൻ 676-ന്റെ ഭാഗമായി വിവിധ വകുപ്പുകൾ വൈപ്പിൻ മണ്ഡലത്തിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly